(ബി) റേഷനിംഗ് ഇൻസ്പെക്ടർ, താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ തുടങ്ങിയ ഉദ്യോഗസ്ഥർ അടിക്കടി റേഷൻ കടകൾ പരിശോധിക്കുകയും കൂടുതൽ അന്വേഷണം ആവശ്യമായി വരുന്ന കേസുകളിൽ വിജിലൻസ് ഓഫീസറെ കൊണ്ട് അന്വേഷണം നടത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഏതെങ്കിലും റേഷൻ കടകളുടെ നടത്തിപ്പിനെപ്പറ്റി പ്രത്യേകിച്ച് പരാതി ലഭിക്കുകയാണെങ്കിൽ ആ കടകളിൽ പരിശോധന നടത്തിയും അന്വേഷണം നടത്തിയും ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) നിലവിൽ നിർദ്ദേശമുണ്ട്.

(ഡി) മൊബൈൽ ഇൻസെപ്കടർ യൂണിറ്റിന് വാഹനങ്ങൾ നൽകിയിട്ടുണ്ട്. മൊബൈൽ പട്രോൾ യൂണിറ്റിന് വാഹനങ്ങൾ നൽകാൻ നടപടിയെടുത്തു വരുന്നുണ്ട്.

(ഇ) സ്വീകരിക്കുന്നുണ്ട്.

കാർഡുടമയ്ക്ക് റേഷൻ നൽകിയില്ലെന്ന പരാതി

130 (3320) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ താലൂക്കിൽ ഒതുക്കുങ്കൽ പഞ്ചായത്തിലെ 150-ാം നമ്പർ റേഷൻ ഷോപ്പിൽ 27-12-1999-ൽ റേഷൻ സാധനങ്ങൾ വാങ്ങാൻ ചെന്ന 319645-ാം നമ്പർ കാർഡുടമയ്ക്ക് റേഷൻ നിഷേധിച്ചതായും കാർഡുടമയെ അവഹേളിച്ചതായും സൂചിപ്പിച്ചുകൊണ്ട് ഷോപ്പുടമയ്ക്കെതിരെ 9-2-2000-ൽ നൽകിയ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് റേഷൻ വ്യാപാരിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) വിദേശത്തു ജോലി ചെയ്യുന്ന അംഗങ്ങൾക്കുള്ള റേഷൻ കുറയ്ക്കാൻ കടയുടമയ്ക്ക് അധികാരം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരാതി അന്വേഷണം നടത്തുന്നതിനായി മലപ്പുറം ജില്ലാ സപ്ലൈ ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുണ്ടെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ റേഷൻ വ്യാപാരിക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly